Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort,Thrissur - 680005, Kerala, India

25.04.2026

# ചേർപ്പ് ഗ്രാമപഞ്ചായത്തിൽ ജൂബിലി മിഷന്റെ കെയർ കാർഡ് പദ്ധതി ആരംഭിച്ചു.

ജൂബിലി മിഷൻ ആശുപത്രിയുടെ എഴുപത്തഞ്ചാം വാർഷികത്തോടനുബന്ധിച്ച് നടത്തുന്ന 75 പൊതുജനക്ഷേമ പരിപാടികളുടെ ഭാഗമായി ചേർപ്പ് ഗ്രാമപഞ്ചായത്തിലെ വാർഡ് മെമ്പർമാർക്ക് 'ജൂബിലി കെയർ കാർഡ്' വിതരണം ചെയ്തു. മെമ്പർമാരിൽ നിന്ന് കെയർ കാർഡ് കൈപറ്റി ജൂബിലിയിൽ അഡ്മിറ്റാകുന്ന ചേർപ്പ് ഗ്രാമപഞ്ചായത്തിലെ രോഗികൾക്ക് മുപ്പത് ശതമാനം ഇളവ് ലഭിക്കുന്നതാണ്. വാർഡിൽ അഡ്മിറ്റാകുന്ന രോഗികൾക്കാണ് ഈ ആനുകൂല്യം ലഭിക്കുക. ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ചേർപ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സിജോ ജോർജിന് 'ജൂബിലി കെയർ കാർഡ്' ഔപചാരികമായി കൈമാറി. ജൂബിലി മിഷൻ സി. ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ 'ജൂബിലി കെയർ കാർഡ് പദ്ധതിയെ കുറിച്ച് വിശദീകരിച്ചു. ജൂബിലി മിഷൻ പേഷ്യന്റ് റിലേഷൻ മാനേജർ പ്രവീൺ ജോർജ്, ചേർപ്പ് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് വിദ്യ രമേഷ്, സെക്രട്ടറി മുംതാസ് എ. വി., ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർ പേഴ്സൺ ക്രിസ്റ്റീന ടീച്ചർ വാർഡ് മെമ്പർമാരായ ബൈജു സെൻ ജോൺ, ഉമ്മർ പി. എസ്., ലോഹിതാക്ഷൻ സി. വി., സതി പി. വി., ബീന ഉണ്ണികൃഷ്ണൻ, ജയശ്രീ, മൃദുല, രുഗ്മണി, ശരണ്യ, പ്രിയലത തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. ജൂബിലി മിഷൻ ആശുപത്രിയുടെ സാമൂഹ്യ പ്രതിബദ്ധതയുടേയും കാരുണ്യപരമായ ആരോഗ്യപരിചരണത്തിന്റേയും 75 വർഷം തികയുന്നതിന്റെ ഭാഗമായി നടത്തുന്ന ഈ പദ്ധതി ചേർപ്പ് പഞ്ചായത്തിലെ അർഹരായ രോഗികൾക്ക് ഉപകാരപ്രദമാകട്ടെയെന്ന് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അറിയിച്ചു.